പ്രസിദ്ധീകരണത്തിന്

## വിദ്യാഭ്യാസ വകുപ്പിൽ തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ ഫയൽ ഓഡിറ്റ് നടത്തി 6 മാസത്തിനകം തീർപ്പുകൽപ്പിക്കും: ഡിപിഐ

സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിൽ ദീർഘകാലമായി തീർപ്പാകാതെ കിടക്കുന്ന 'ഫയലുകൾ ഓഡിറ്റ്' നടത്തി 6 മാസത്തിനകം തീർപ്പുകൽപ്പിക്കാൻ ആവിഷ്കരിച്ചു നടപ്പാക്കുന്ന ഫയൽ ഓഡിറ്റ് പദ്ധതിയെ അധ്യാപക സംഘടനകൾ അഭിനന്ദിച്ചു. എയ്ഡഡ് സ്കൂൾ അധ്യാപകരുടെ നിയമന അംഗീകാരം ഉൾപ്പെടെ ഒരു വർഷത്തിലധികമായി തീർപ്പാകാതെ കിടക്കുന്ന മുഴുവൻ ഫയലുകളും 6 മാസത്തിനകം ഓഡിറ്റ് നടത്തിക്കാനാണ് ഫയൽ ഓഡിറ്റ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നതെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ കെ.വി.മോഹൻകുമാർ ഐ.എ.എസ് സംഘടനാ പ്രതിനിധികളുടെ യോഗത്തെ അറിയിച്ചു. 'ഫയൽ ഓഡിറ്റ്' പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം ഈ മാസം 26 ന് രാവിലെ 10 മണിക്ക് ഡിപിഐ ഓഫീസ് ആഡിറ്റോറിയത്തിൽ വിദ്യാഭ്യാസമന്ത്രി പ്രൊഫ.സി.രവീന്ദ്രനാഥ് നിർവ്വഹിക്കും. എ.ഇ.ഒ, ഡി.ഇ.ഒ,ഡി.ഡി.ഇ ഓഫീസ് തലങ്ങളിൽ ആദ്യപാദവർഷ 'ഫയൽ ഓഡിറ്റ്' ജൂലൈ 2 മുതൽ 21 വരെ നടക്കും. ഇതിനായി വിവിധ തലങ്ങളിൽ പ്രത്യേക പരിശീലനം നൽകിയ ഓഡിറ്റ് ടീമുകളെ നിയോഗിക്കും. തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കാൻ ഫയൽ ഓഡിറ്റിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കും. ആറുമാസത്തിനുള്ളിൽ പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള വിവിധ തലങ്ങളിലെ ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം നിലവിൽ വരും. രണ്ടാംഘട്ട ഫയൽ ഓഡിറ്റ് ഒക്ടോബറിൽ നടക്കുന്നതോടെ ദീർഘകാലമായി തീർപ്പാകാതെ കിടക്കുന്ന ഭൂരിഭാഗം ഫയലുകളിലും തീർപ്പാകും. വിവിധ മേളകളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ അദാലത്തുകൾ വഴി പരിഹരിക്കും. ഉച്ചഭക്ഷണ വിതരണത്തിന്റെ ഭാഗമായി ഹെഡ്മാസ്റ്റർമാർക്കുണ്ടാകുന്ന പ്രയാസങ്ങൾക്ക് പരിഹാരം കാണും. യോഗത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ അദ്ധ്യക്ഷത വഹിച്ചു. എ.ഡി.പി.ഐ (അക്കാദമിക്) ജിമ്മി.കെ.ജോസ് സ്വാഗതം പറഞ്ഞു. എ.ഡി.പി.ഐ(ജനറൽ) ജെസ്സി ജോസഫ്, സീനീയർ എ.ഒ ലീനാ ലിറ്റി, വിദ്യാരംഗം എഡിറ്റർ കെ.സി.അലി ഇക്ബാൽ, വിവിധ സംഘടനാ നേതാക്കളായ കെ.സി.ഹരികൃഷ്ണൻ(കെ.എസ്.ടി.എ), സലാഹുദ്ദീൻ(കെ.പി.എസ്.ടി.എ), ഇ.ഷിഹാബ്ദീൻ (കെ.എസ്.ടി.യു), ജോർജ്ജ്ത്ത്നം(എ.കെ.എസ്.ടി.യു), പി.വി.ശ്രീകലേശൻ (എൻ.ടി.യു), റഷീദ്.എം.എ (കെ.എ.ടി.എഫ്), ഇഗ്നേഷ്യസ് തോമസ് (കെ.പി.എച്ച്.എസ്.എ), ഡി.ആർ.ജോസ് (കെ.പി.ടി.എഫ്), എ.വി.അനിൽകുമാർ (കെ.പി.എസ്.പി.ഇ.ടി.എ), എം.സുനിൽകുമാർ (ഡി.പി.ഇ.ടി.എ), എൻ.ഐ.സുധീഷ് (കെ.എ.ടി.എ), ഡി.ജെ.സാം (കെ.എസ്.ടി.സി) സുധീർചന്ദ്രൻ (പി.ജി.ടി.എ), ജസ്റ്റിൻ (കെ.എസ്.എൽ.എം.ടി.ടി.എ), ഷൂജ ഉൽ മുൽക്ക് (കെ.യു.ടി.എ), ഡി.പി.ഐ ഓഫീസിലെ വിവിധ യൂണിറ്റുകളിലെ ഓഫീസർമാരും പങ്കെടുത്തു.

DIRECTORATE OF PUBLIC INSTRUCTION ★ THIRUVANANTHAPURAM-14 ★

പൊതു വിദ്യാഭ്യാസ ഡയറക്ടർ